**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**പോലീസ് സംവിധാനത്തിലെ ഘടനാപരമായ മാറ്റങ്ങൾ**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *310** — **20/6/2019-ൽ മറുപടിക്ക്**

**ചോദ്യം**

**ശ്രീ.എം. നൗഷാദ്**
**,, റ്റി.വി.രാജേഷ്**
**,, കെ. ദാസൻ**
**,, പി.കെ. ശശി**

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | പോലീസ് സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതുതായി പോലീസിൽ വരുത്തിയിരിക്കുന്ന ഘടനാപരമായ മാറ്റങ്ങൾ എന്തെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പോലീസ് സേനയിൽ വരുത്തിയഘടനാപരമായപരിഷ്കാരങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br>ക്രമസമാധാനപാലനവും കേസന്വേഷണവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇൻസ്പെക്ടർ മാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായ 21/10/2017 ലെ സ.ഉ.(എം.എസ്) നം. 211/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം സർക്കിൾ ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പ്രവർത്തിച്ചിരുന്ന 7 പോലീസ് സ്റ്റേഷനുകൾക്ക് പുറമേ 196 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി പോലീസ് ഇൻസ്പെക്ടർമാരെ നിയമിച്ചു. രണ്ടാം ഘട്ടമായി 268 പോലീസ് സ്റ്റേഷനുകളിൽകൂടി ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരായി നിയമിച്ചിട്ടുണ്ട്. 29/09/2018 ലെ സ.ഉ.(എം.എസ്) നം. 150/2018/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ ട്രാഫിക് പോലീസ് സ്റ്റേഷനുകളിൽ നടത്തി വന്നിരുന്ന ട്രാഫിക് കേസുകളുടെ അന്വേഷണ ചുമതല ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് മാറ്റി, ട്രാഫിക് യൂണിറ്റുകളും ട്രാഫിക് പോലീസ് സ്റ്റേഷനുകളും ട്രാഫിക് എൻഫോഴ്സ്മെന്റ് യൂണിറ്റുകളാക്കി മാറ്റി. ഇതുമൂലം ട്രാഫിക് നിയന്ത്രണം കൂടുതൽ ശക്തമാക്കുവാൻ സാധിച്ചു. പ്രധാന കേന്ദ്രങ്ങളിൽ ഗതാഗതക്കുരുക്ക് ലഘൂകരിക്കുവാനും സാധിച്ചിട്ടുണ്ട്.<br>കുറ്റാന്വേഷണം മികവുറ്റതാക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സംസ്ഥാന ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ പുന: സംഘടിപ്പിച്ചുകൊണ്ട് സ.ഉ. (കൈ) നം. 162/2018/ ആഭ്യന്തരം തീയതി 11/10/2018 പ്രകാരം ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന ഉത്തര-ദക്ഷിണമേഖലകളിലെ എ.ഡി.ജി.പി. തസ്തികയെ ഐ.ജി. റാങ്കുകളിലേയ്ക്ക് മാറ്റുകയും റേഞ്ചുകളിൽ ഡി.ഐ.ജി.മാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്തും കൊച്ചിയിലും പോലീസ് ഇൻസ്പെക്ടർ ജനറൽമാരെ കമ്മീഷണർമാരായി നിയമിച്ചിട്ടുണ്ട്. ഇതിനുപുറമേ സംസ്ഥാനത്ത് ആകെ ക്രമസമാധാനപാലന ചുമതലയുള്ള ഒരു എ.ഡി.ജി.പി-യെ പോലീസ് ആസ്ഥാനത്ത് നിയമിക്കുകയും ചെയ്തു.<br>പോലീസ് വനിതാ പ്രാതിനിധ്യം ആദ്യഘട്ടത്തിൽ 10 ശതമാനവും തുടർന്ന് കൂടുതൽ വർദ്ധിപ്പിക്കുന്നതിനും സർക്കാർ തത്വത്തിൽ |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയും അതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി പുതിയ വനിതാ പോലീസ് ബറ്റാലിയൻ ആരംഭിച്ചിട്ടുണ്ട്.ഇതിൽ ഒരു വനിതാ കമാൻഡോ പ്ലറ്റൂണിന്റെ പരിശീലനവും പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 451 പുതിയ തസ്തികകൾ സൃഷ്ടിച്ചു. വനിതാ ബറ്റാലിയന്റെ ആസ്ഥാനമായി തിരുവനന്തപുരത്ത് മേനംകുളത്ത് 10 ഏക്കർ സ്ഥലം സർക്കാർ നൽകിയിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 6 പോലീസ് സ്റ്റേഷനുകളിൽ ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ സമ്പ്രദായം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി 54 പോലീസ് സ്റ്റേഷനുകളിലേയ്ക്കു കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>പിങ്ക് പോലീസ് പട്രോൾ, പിങ്ക് പോലീസ് കൺട്രോൾ റൂം എന്നിവ ആരംഭിച്ചു.<br>ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്കിംഗ് സിസ്റ്റം (സി.സി.റ്റി.എൻ.എസ്) പദ്ധതി ശക്തിപ്പെടുത്തി.<br>ക്രൈം ബ്രാഞ്ചിനു കീഴിൽ വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ യൂണിറ്റ് ആരംഭിക്കുന്നതിനായി അനുമതി നൽകി<br><br>തീരദേശവാസികളായ 177 പേർക്ക് കോസ്റ്റൽവാർഡന്മാരായി നിയമനം നൽകി<br>പ്രത്യേക നിയമനം വഴി ആദിവാസി വിഭാഗത്തിൽപ്പെട്ട 78 പേരെ പോലീസ് |

| | | | |
|---|---|---|---|
| | | | സേനയിൽ നിയമിച്ചു. |
| (ബി) | കുറ്റാന്വേഷണവും ക്രമസമാധാനപാലനവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പോലീസ് സ്റ്റേഷനുകളിൽ ഇവയുടെ ചുമതല വേർതിരിക്കുന്ന പ്രവർത്തനം പൂർത്തീകരിച്ചോ; | (ബി) & (സി) | സംസ്ഥാനത്തെ 471 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരായി നിയമിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട് ഇതുപ്രകാരം 370 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരായി നിയമിക്കുകയും അവിടെ ക്രമസമാധാന പാലനവും കുറ്റാന്വേഷണവും രണ്ടായി തരംതിരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ; | | |
| (ഡി) | ക്രൈം ബ്രാഞ്ച് പുന:ക്രമീകരണത്തിൻെറ വിശദാംശം ലഭ്യമാക്കുമോ; | (ഡി) | കുറ്റാന്വേഷണം മികവുറ്റതാക്കുന്നതിനായി സർക്കാർ ഉത്തരവ് (കൈ) നം 162/18/ആഭ്യന്തരം തീയതി 11/10/2018 പ്രകാരം ക്രൈംബ്രാഞ്ചിന്റെ പുനഃക്രമീകരണവും പേരുമാറ്റലും വരുത്തിയിട്ടുള്ളതാകുന്നു. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന 3 സെൻട്രൽ സൂപ്പർവൈസറി ഓഫീസുകൾ, റെയ്ഞ്ച് ഐ.ജി.ഓഫീസുകളായി പുനഃർനാമകരണം ചെയ്ത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുവാൻ ഉത്തരവായിട്ടുണ്ട്. അതോടൊപ്പം സംസ്ഥാന ക്രൈം ബ്രാഞ്ചിൽ എല്ലാ ജില്ലകളിലും പോലീസ് സൂപ്രണ്ടുമാരെ ചുമതലക്കാരായി വിന്യസിച്ചു. (കാസർഗോഡ്,വയനാട്,പത്തനംതിട്ട എന്നീ ജില്ലകളിൽ തൊട്ടടുത്ത ജില്ലകളിലെ സൂപ്രണ്ടുമാർക്കാണ് ചുമതല).<br>സങ്കീർണ്ണവും കോളിളക്കം |

| | | | |
|---|---|---|---|
| | | | സൃഷ്ടിയ്ക്കുന്നതുമായ അന്തർജില്ല അന്തർ സംസ്ഥാന വ്യാപകമായ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് ക്രൈംബ്രാഞ്ചിൽ പോലീസ് സൂപ്രണ്ട് റാങ്കിലുള്ള ഉദ്യോഗസ്ഥൻ തലവനായി വരുന്ന 4 സെൻട്രൽ യൂണറ്റുകൾ (തിരുവനന്തപുരം ആസ്ഥാനമായി രണ്ടും എറണാകുളം, കോഴിക്കോട് ജില്ലകൾ ആസ്ഥാനമായി ഓരോന്നു വീതവും പ്രവർത്തിയ്ക്കുന്നു. |
| (ഇ) | ഈ സർക്കാർ അധികാരത്തിലെത്തിയ തിനു ശേഷം സേനയുടെ ശാക്തീകരണത്തിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചതിന്റെയും നിയമനം നടത്തിയതിന്റെയും കണക്ക് ലഭ്യമാണോ; വിശദമാക്കാമോ? | (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളാ പോലീസ് സേനയിൽ ആകെ 2742 സ്ഥിരം തസ്തികയും, 240 താൽക്കാലിക തസ്തികകളും പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ